I.T

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.61 27-2-2008-ൽ മറുപടിക്ക്

**<u>മാലിന്യമുക്ത കേരളം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.ടി.എ.റഹിം | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച കർമ്മ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പരിസ്ഥിതി മലിനീകരണമില്ലാത്ത മാലിന്യരഹിതമായ ഒരു സംസ്ഥാനമാണ് മാലിന്യമുക്തകേരളം പദ്ധതികൊണ്ട് വിവക്ഷിക്കുന്നത്. 2006 ഒക്ടോബർ മാസം 2-ാം തീയതി മാലിന്യമുക്ത കേരളത്തിന് തുടക്കം കുറിക്കുകയും 2007 നവംബർ മാസം 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ ബഹു.രാഷ്ട്രപതി മാലിന്യമുക്ത കേരളം ആക്ഷൻപ്ലാൻ റിലീസ് ചെയ്യുകയുമുണ്ടായി. ഈ കർമ്മ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 1) ഈ പദ്ധതിയുടെ ഭാഗമായി 2006 ഒക്ടോബർ, 2007 മെയ്, 2007 ജൂലൈ, 2007 ഒക്ടോബർ എന്നീ മാസങ്ങളിൽ സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ, കോളനികൾ, ചന്തകൾ, പൊതു സ്ഥലങ്ങൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് വിപുലമായ |

| | | | |
|---|---|---|---|
| | | | ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.<br>2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ഖര, ദ്രവ മാലിന്യത്തിന്റെ ഉറവിടം, സ്വഭാവം. അളവ് എന്നിവയെക്കുറിച്ച് സമഗ്രമായ സർവ്വെ നടത്തി.<br>3) ഗ്രാമ സഭകളും, പഞ്ചായത്ത് കൺവെൻഷനുകളും ചേർന്ന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശുചിത്വ നയ സമീപന രേഖ അംഗീകരിച്ചു. 16 ലക്ഷം ജനങ്ങൾ പ്രത്യേക ഗ്രാമ സഭയിൽ പങ്കെടുക്കുകയുണ്ടായി.<br>4) 14 ജില്ലകളിലും ജില്ലാ സാങ്കേതിക സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുകയും, 400-ൽ അധികം സാങ്കേതിക വിദഗ്ദ്ധരെ പരിശീലിപ്പിക്കുകയും ചെയ്തു.<br>5) ഖരദ്രവ മാലിന്യ പരിപാലനത്തിനുള്ള ഘടകം കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ പരിപാടി പുതുക്കി. കേന്ദ്ര സർക്കാരിൽ നിന്നും 14 ജില്ലകൾക്കും അംഗീകാരം ലഭിച്ചു. 90 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം നേടിയെടുത്ത്, നഗരസഭകളിലും, നഗര സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലനത്തിനായി 15.9 കോടി രൂപയുടെ സാമ്പത്തിക സഹായം. ക്ലീൻ കേരള മിഷൻ വഴി നൽകുകയുണ്ടായി<br>6) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | നിർമ്മൽ ഗ്രാമപുരസ്കാരം പരമാവധി നേടിയെടുക്കാൻ ലക്ഷ്യമിടുകയും. 2007-ൽ 219 ഗ്രാമ പഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും, ടി അവാർഡ് നേടുയെടുക്കുന്നതിനും സാധിച്ചു. ഇതുപ്രകാരം 12.15 കോടി രൂപ അവാർഡ് തുകക്ക് അർഹതനേടുകയുണ്ടായി.<br>7) KSUDP, JNNURM, UIDSSMT എന്നീ പദ്ധതികൾ വഴി ഖരദ്രവ മാലിന്യ സംസ്കരണത്തിനായി നഗര സഭകളിലേക്ക് 811.59 കോടി രൂപയുടെ പദ്ധതികൾക്കും അനുമതി നേടിയെടുക്കാൻ സാധിച്ചു.<br>8) ഉറവിടത്തിൽ തന്നെ മാലിന്യം തരം തിരിച്ച് ശേഖരിക്കുന്ന സംവിധാനം നഗര സഭകളിൽ നടപ്പാക്കി തുടങ്ങി.<br>9) 50 നഗരസഭകൾക്കും, 126 പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്കരണത്തിന് സ്ഥലം ലഭ്യമാക്കി. 18 നഗരസഭകളിലും 7 ഗ്രാമപഞ്ചായത്തുകളിലും പൂർണതോതിലും, 32 നഗരസഭകളിലും 105 ഗ്രാമപഞ്ചായത്തുകളിലും ഭാഗികമായും സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.<br>10) മാലിന്യപരിപാലനം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന്, ഒരു ശീലമാറ്റത്തിലൂടെ ഭാവി തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ട കൈപ്പുസ്തകം തയ്യാറാക്കി<br>11) 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതും, വിൽപ്പന നടത്തുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചു.<br>12) സർക്കാർ ഓഫീസുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയും അവയുടെ പരിസരങ്ങളും ശുചിയായി സൂക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്കരിച്ച് വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. |
| (സി) | പ്ലാസ്റ്റിക് ക്യാരീബാഗുകൾക്ക് ഏർപ്പെടുത്തിയ നിരോധനം വിജയിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം സംസ്ഥാനത്ത് കഴിഞ്ഞ സപ്തംബർ മുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരികയാണ്. ഇതുപ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതും ട്രാൻസ്പോർട്ടിങ്ങും, വിൽപന നടത്തുന്നതും, ഉപയോഗിക്കുന്നതും ശിക്ഷാർഹമാണ്. പ്ലാസ്റ്റിക് നിരോധനം വിജയിപ്പിക്കുന്നതിന് സർക്കാർ പല തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. 50 മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിനുള്ള കരട് വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഭവിഷത്തുകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും, ഒരു ശീലമാറ്റത്തിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 22-2-2008 വരെ പട്ടണങ്ങളിൽ മാത്രം 72177 റെയ്ഡുകൾ നടത്തുകയും 17,919.8 കിലോഗ്രാം നിരോധിച്ച പ്ലാസ്റ്റിക്കുകൾ കണ്ടുകെട്ടുകയും, 5,33,676/- രൂപ പിഴ ചുമത്തുകയും 20 കേസുകൾ ചാർജ്ജ് ചെയ്യുകയും ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ 32,077 കടകൾ പരിശോധിക്കുകയും, 2567 കിലോഗ്രാം പ്ലാസ്റ്റിക്കുകൾ കണ്ടുകെട്ടുകയും, 68180 രൂപ പിഴ ഈടാക്കുകയും, രണ്ട് കടകളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്ലാസ്റ്റിക് ക്യാരീബാഗുകൾക്ക് പകരം ഉപയോഗിക്കാവുന്ന പേപ്പർ ബാഗുകളുടെ നിർമ്മാണ ത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) | കുടുംബശ്രീ/എസ്.ജി.എസ്.വൈ. യൂണിറ്റുകൾ പേപ്പർ, ക്ലോത്ത് ക്യാരീബാഗുകളുടെ നിർമ്മാണവും വില്പനയും നടത്തി വരുന്നു. കൂടാതെ വിവിധ സന്നദ്ധ സംഘടനകളും ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ഗ്രാമപഞ്ചായത്തുകളിലും 2 വീതവും, നഗരങ്ങളിൽ 4 വീതവും, കോർപ്പറേഷനുകളിൽ 10 വീതവും, |

| | | | |
|---|---|---|---|
| | | | എസ്.ജി.എസ്.വൈയിൽ 3520ഉം ഉൾപ്പെടെ 5780 പേപ്പർ/തുണി കാരീബാഗ് നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | മാലിന്യ മുക്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളോടനുബന്ധിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതു പ്രോത്സാഹിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; | (ഇ) | വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗൃഹതലത്തിൽ ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. ഉത്തരവ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (എഫ്) | ഹോട്ടലുകളിലും ഫ്ലാറ്റുകളിലും ഇത്തരം പ്ലാന്റുകൾ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഫ്ലാറ്റുകൾ സ്വന്തമായി ഇത്തരം സംവിധാനം ഉണ്ടാക്കണമെന്ന നിബന്ധന കെട്ടിട നിർമ്മാണ ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പുതുതായി ആരംഭിക്കുന്ന ഹോട്ടലുകൾക്ക് സ്വന്തമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാക്കും. നിലവിലുള്ള ഹോട്ടലുകൾക്ക് ഒറ്റക്കോ, കൂട്ടായോ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം:1

1) ഒമ്പത് മാസംകൊണ്ട് ഗൃഹതലത്തിൽ എല്ലാപേർക്കും കക്കൂസ് ലഭ്യമാക്കും.

2) സ്കൂൾ, ആശുപത്രി, അംഗനവാടി എന്നിവിടങ്ങളിൽ ഒരു വർഷം കൊണ്ട് പൂർണ്ണമായും കക്കൂസ് ലഭ്യമാക്കും.

3) ഗൃഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം 3 വർഷംകൊണ്ട് പൂർത്തിയാക്കും.

4) നഗരങ്ങളിലും നഗരവൽകൃത പഞ്ചായത്തുകളിലും ഉറവിടങ്ങളിൽതന്നെയുള്ള തരം തിരിച്ചുള്ള ശേഖരണം ഒരു വർഷംകൊണ്ട് നടപ്പിലാക്കും.

5) വികേന്ദ്രീകരണ-മാലിന്യ സംസ്കരണ സംവിധാനം 3 വർഷം കൊണ്ട് പൂർത്തിയാക്കും.

6) നിഷ്ക്രിയ മാലിന്യത്തിന്റെ ദൂരീകരണത്തിനായി സാനിട്ടറി ലാന്റ് ഫിൽ സംവിധാനം 11-ാം പദ്ധതിക്കകം നടപ്പിലാക്കിതുടങ്ങും.

7) രണ്ടു വർഷംകൊണ്ട് ജനവാസ കേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കും.

8) എല്ലാ പ്രധാന നഗരകേന്ദ്രങ്ങളിലും തീർത്ഥാടന വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, വ്യാപാരകേന്ദ്രങ്ങളിലും പൊതുസ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലത്തിൽ മാറ്റം വരുത്തി വൃത്തിയും വെടിപ്പുമുള്ളവയാക്കും. അത്യാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും, നിയമനടപടികളും കൈക്കൊള്ളുന്നതാണ്

9) ദ്രവമാലിന്യ പരിപാലനത്തിനായി 2 വർഷത്തിനകം ഒരു ദീർഘകാല കാഴ്ചപ്പാടോടുകൂടിയുള്ള രൂപരേഖ തയ്യാറാക്കും.

10) അടുത്ത 5 വർഷം കൊണ്ട് നിലവിലുള്ള സീവറേജ് സംവിധാനം 3 മടങ്ങാക്കി വർദ്ധിപ്പിക്കും.

അനുബന്ധം II ലൈബ്രറിയിൽ ലഭ്യമാണ്.

(signature)
Section Officer

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 62** **27.02.2008-ലെ മറുപടിക്ക്**

## കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മോനായി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എം. ഹംസ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |
| എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ഈ സർക്കാർ വന്ന ശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനെ രാജ്യത്തെ തന്നെ ഏറ്റവും പ്രമുഖമായ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായി വളർത്തിയെടുക്കുന്നതിന് ആസൂത്രിതവും ചിട്ടയാർന്നതുമായ പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകി നടപ്പിലാക്കുന്നത്.<br>കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനും ബിസിനസ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഇതിനോടകം തന്നെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) 2010-ൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണ്ണയിച്ച് അതിനനുസൃതമായി ചിട്ടയായ ആസൂത്രണവും പ്രവർത്തനവും നടത്തിപ്പോരുന്നു (വിഷൻ 2010). 2010 ആകുമ്പോഴേക്കും 500 കോടി രൂപയുടെ ചിട്ടി സല ലക്ഷ്യം വച്ചാണ് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.<br>2) കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസായ ചിട്ടി കൂടുതൽ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനും ആകർഷകമാക്കുന്നതിനും നിരവധി നടപടികൾ കൈക്കൊണ്ടു.<br>(i) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് പ്രധാന ചിട്ടി ക്യാമ്പയിനുകൾ നടത്തി. കേരള സുവർണ്ണ ജൂബിലി ചിട്ടികൾ, പൊന്നോണ ചിട്ടികൾ. പ്രവാ |

| ചോദ്യം | ഉത്തരം |
|---|---|
| | സിബന്ധു ചിട്ടികൾ എന്നിവ യാണവ. ഈ മൂന്നു ക്യാമ്പയിനുക ളിലും ലക്ഷ്യത്തെക്കാൾ വളരെ ഉയർന്ന നേട്ടം കൈവരിക്കാനായി. ഇതിലൂടെ കൈവരിച്ച നേട്ടം അനു ബന്ധത്തിൽ ചേർത്തിരിക്കുന്നു.<br>3) ചിട്ടി കൂടുതൽ ആകർഷകമാക്കുന്ന തിനു വേണ്ടി ചിട്ടിയിലൂടെ ലഭിക്കുന്ന കമ്മീഷന്റെ നിശ്ചിത ശതമാനം വരി ക്കാർക്ക് നൽകുന്നവിധം നിരവധി സമ്മാനപദ്ധതികൾ ആവിഷ്കരിച്ച് നട പ്പിലാക്കി.<br>4) ജാമ്യ വ്യവസ്ഥകൾ ഉദാരമാക്കി. ഇപ്പോൾ സ്വയം തൊഴിലുകാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായനികുതിദായകർ എന്നിവരുടെ ജാമ്യവും സ്വീകരിക്കുന്നുണ്ട്. വസ്തു ഈടായി സ്വീകരിക്കുന്നതിനുള്ള ബാധ്യതയുടെ പരിധി 25 ലക്ഷം രൂപ യിൽ നിന്ന് 1 കോടിയായി ഉയർത്തി. വസ്തുവിന്റെ മൂല്യനിർണ്ണയത്തിന് സുതാര്യവും കാര്യക്ഷമവുമായി രീതി നടപ്പിലാക്കി.<br>5) ചിട്ടി വരിക്കാർക്ക് തവണ സംഖ്യ അട യ്ക്കുന്നതിനും മറ്റുമായി canvassing cum collection ഏജന്റുമാരെ നിയമിച്ചു.<br>6) കാര്യക്ഷമത ഉയർത്തുന്നതിനായി കമ്പ്യൂട്ടർവത്കരണം ത്വരിതപ്പെടുത്തി.<br>7) ജീവനക്കാരുടെ തുടർച്ചയായ പരിശീ ലനത്തിന് തുടക്കം കുറിച്ചു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതി നുശേഷം കെ.എസ്.എഫ്.ഇ. യുടെ വളർച്ച സൂചിപ്പിക്കുന്ന കണക്കുകൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |
| ബി) ഓണക്കാലത്ത് ആരംഭിച്ച പൊന്നോണ ചിട്ടികൾ മുഖേന എന്ത് തുകയുടെ അധിക ബിസി നസ് ഉണ്ടായിട്ടുണ്ട്; | 15 കോടി രൂപയുടെ ചിട്ടി ബിസിനസാണ് പൊന്നോണ ചിട്ടിയിലൂടെ ലക്ഷ്യം വച്ചത്. 50 കോടി രൂപയുടെ നേട്ടം കൈവരിച്ചു. 333 ശത മാനമാണ് കൈവരിച്ച നേട്ടം. |

| | ചോദ്യം | ഉത്തരം |
|---|---|---|
| സി) | പ്രവാസികൾക്കു വേണ്ടി പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ; | ഗൾഫ് രാജ്യങ്ങളിലും മറ്റുമുള്ള പ്രവാസികളുടെ നാട്ടിലെ ബന്ധുക്കൾക്ക് വേണ്ടി ആവിഷ്കരിച്ച ചിട്ടിയിണ് പ്രവാസി ബന്ധു ചിട്ടികൾ. 2007 നവംബർ മാസത്തിലാണ് ആരംഭിച്ചത്. 15 കോടി രൂപയുടെ ചിട്ടി ബിസിനസ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. 48 കോടി രൂപയുടെ ചിട്ടി ബിസിനസ് പുതുതായി ആരംഭിക്കുവാൻ കഴിഞ്ഞു. ചിറ്റാളൻമാർക്ക് നിരവധി ആകർഷകമായ സമ്മാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ ചിറ്റാളൻമാർക്ക് പല മൂല്യവർദ്ധിത സേവനങ്ങളും ഏർപ്പെടുത്തിയിരുന്നു. |
| ഡി) | പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; | അടുത്ത വർഷം പുതുതായി 40 ബ്രാഞ്ചുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ഇ) | കെ.എസ്.എഫ്.ഇ.യിൽ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കാമോ? | 70 ബ്രാഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. 2008-09 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Chandrika
സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

**കെ.എസ്.എഫ്.ഇ. ചിട്ടികൾ**

| ഇനം | 2002-03 | 2003-04 | 2004-05 | 2005-06 | 2006-07 | 2007-08 (02/2008 വരെ) |
|---|---|---|---|---|---|---|
| ചിറ്റാളൻമാരുടെ എണ്ണം | 776584 | 770549 | 779080 | 777915 | 827666 | 902230 |
| ശരാശരി ചിട്ടി വരി സംഖ്യ (രൂപ) | 1781 | 1813 | 1915 | 2042 | 2266 | 2601 |
| ധനകാര്യ വർഷം ചെയ്ത ചിട്ടി സല (കോടി രൂപയിൽ) | 30 | 33 | 38 | 43 | 67 | 107 |

**അനുബന്ധം - 2**

**കെ.എസ്.എഫ്.ഇ. ചിട്ടി ക്യാമ്പയിനുകൾ**

| സ്കീം | ലക്ഷ്യം (കോടി രൂപയിൽ) | നേട്ടം (കോടി രൂപയിൽ) | ശതമാനം |
|---|---|---|---|
| കേരള സുവർണ്ണ ജൂബിലി ചിട്ടികൾ 2006-07 | 20 | 43 | 211 |
| പൊന്നോണ ചിട്ടികൾ 2007-08 | 15 | 50 | 333 |
| പ്രവാസി ബന്ധു ചിട്ടികൾ 2007-08 | 15 | 44 | 293 |

Chandrika
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .63 27.2.2008-ൽ മറുപടിക്ക്

അഴിമതി രഹിത വാളയാർ പദ്ധതി

ചോദ്യം

ശ്രീ.സി.എം.ദിനേശ് മണി
ശ്രീ.കെ.കെ.ദിവാകരൻ
ശ്രീ.അൽഫോൺസ് കണ്ണന്താനം
പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ.എം.പ്രകാശൻ മാസ്റ്റർ

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)അഴിമതി രഹിത വാളയാർ പദ്ധതിമൂലം കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (എ) അഴിമതി രഹിത വാളയാർ പദ്ധതിമൂലം കൈവരിക്കാനായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അഴിമതി പൂർണ്ണമായി ഇല്ലാതാക്കി<br>2. ചെക്ക് പോസ്റ്റ് പരിസരത്ത് നികുതി വെട്ടിക്കലിനും ചരക്ക് വാഹന ജീവനക്കാരെയും ചെക്ക്പോസ്റ്റ് ജീവനക്കാരെയും ഭയപ്പെടുത്തി കൊള്ള ചെയ്തിരുന്ന ഗുണ്ടാ മാഫിയ സംഘങ്ങളെ നിയന്ത്രിച്ചു.<br>3. ജീവനക്കാരുടെ സേവനത്തിൽ വന്ന പ്രകടമായ മാറ്റം (വ്യാപാരി സമൂഹവും , ലോറി ഓണേഴ്സ് അസ്സോസിയേഷനുൾപ്പെടെ) പരക്കെ പ്രശംസിക്കപ്പെടുന്നു.<br>4. ചെക്ക്പോസ്റ്റിൽ എത്തുന്നവർക്ക് ആവശ്യമായ ഉപദേശ നിർദ്ദേശ ങ്ങൾ നൽകുന്നതിന് സ്ഥാപിച്ച ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം അവരെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കി. |

5. കൗണ്ടറുകളുടെ എണ്ണം കൂടിയതിനാൽ വാഹനങ്ങൾ കടന്നുപോകുന്നതിനുള്ള സമയദൈർഘ്യം ഗണ്യമായി കുറഞ്ഞു.
6. നികുതി രഹിത ചരക്ക് വാഹനങ്ങൾക്ക് ഗ്രീൻ ചാനൽ സൗകര്യം നൽകി റോഡ് ഗതാഗതം സുഗമമാക്കി.
7. മുമ്പേ വരുന്ന വാഹനങ്ങൾ മുമ്പേ കടത്തിവിടുന്നതിനുള്ള പ്രത്യേക ശ്രദ്ധ.
8. വാഹന പരിശോധന കർശനമാക്കിയതു മൂലം മുൻ മാസങ്ങളെ അപേക്ഷിച്ച് നികുതി വെട്ടിക്കൽ കേസുകളുടെ എണ്ണംകൂടുകയും ജാമ്യസംഖ്യയിൽ 100 % വർദ്ധനവ് വരുത്തുവാനും കഴിഞ്ഞു.
9. ചെക്ക്പോസ്റ്റ് രേഖകളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട വാണിജ്യനികുതി ഓഫീസുകളിൽ സ്ക്രൂട്ടിനി നടത്താൻ സജ്ജമാക്കി വരുന്നുണ്ട്
10. മാമൂൽ നൽകി കണക്കിൽ കൂടുതൽ ചരക്ക് കടത്തുന്ന പതിവ് അവസാനിപ്പിച്ചു.
11. ഇന്റലിജൻസ് സ്ക്വാഡുകളുടെ ചെക്കിംഗ് കർശനമാക്കിയതു മൂലം ഊടുവഴികളിലൂടെയുള്ള കള്ളക്കടത്ത് ഗണ്യമായി കുറഞ്ഞു
12. ചരക്കുകൾക്ക് വില കുറച്ച് കാണിച്ച് നികുതി വെട്ടിക്കുന്ന രീതി ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു.
13. ചെക്ക്പോസ്റ്റിന്റെ നിയന്ത്രണം പേശീബലത്താൽ കയ്യാളിയിരുന്ന മാഫിയാ ഗ്രൂപ്പുകളെ ശാസ്ത്രീയമായി ഇല്ലാതാക്കി വാഹനജീവനക്കാരെയും ചെക്ക്പോസ്റ്റിനെയും സ്വതന്ത്രമാക്കി.

GOVERN

| | |
|---|---|
| | 14. ഗുണ്ടാ സംഘത്തിന്റെ ഇംഗിതത്തിനനുസരിച്ച് കറങ്ങു പോകുന്ന രീതിക്ക് അറുതി വന്നു.<br>15. ചെക്ക് പോസ്റ്റ് പ്രദേശങ്ങളിലെല്ലാം തുടർച്ചയായി വെളിച്ചം ലഭിക്കുന്നതിനു സൗകര്യം ഒരുക്കി.<br>16. ജീവനക്കാരുടെ സംരക്ഷണത്തിനും ഗുണ്ടാ വിളയാട്ടം നേരിടുന്നതിനും പോലീസിന്റെ സേവനം ഉറപ്പാക്കി. |
| (ബി) പദ്ധതി ആരംഭിച്ച ശേഷം നികുതി ഇനത്തിൽ എന്തുമാത്രം വർദ്ധന ഉണ്ടായിട്ടുണ്ട്; | (ബി) പദ്ധതി ആരംഭിച്ച ശേഷം നികുതിയിനത്തിൽ ലഭിച്ച തുക അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.<br>ഈ വർഷം കോടതി ഉത്തരവുമൂലം പ്രവേശന നികുതി നിലവിലില്ല. അഡ്വാൻസ് ടാക്സ്, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നീ ഇനങ്ങളിലായി 125.5 ശതമാനത്തിന്റെ വർദ്ധന (31.01.2008 വരെ മാത്രം) ഉണ്ടായിട്ടുണ്ട്. |
| (സി) പദ്ധതി മറ്റ് ചെക്ക് പോസ്റ്റുകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: | (സി) ബംഗാരമഞ്ചേശ്വരം ചെക്ക്പോസ്റ്റിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നുണ്ട് |
| (ഡി) 'വാളയാറിൽ നിന്നും എറണാകുളത്തേയ്ക്ക്' എന്ന പരിപാടി വിജയപ്രദമായിരുന്നോ; | (ഡി) പദ്ധതി അതിന്റെ പ്രാരംഭ ദശയിലാണ്. ഇതേവരെയുള്ള പ്രവർത്തനങ്ങൾ വിജയകരമാണ്. |
| (ഇ) പ്രസ്തുത പരിപാടിയുടെ ഭാഗമായി നടത്തിയ അദാലത്തിൽ എത്രകേസുകളിൽ തീർപ്പുണ്ടായി ; | (ഇ) 4188 കേസുകളിൽ തീർപ്പുണ്ടായി |

| | |
|---|---|
| (എഫ്) ഇതുവഴി എത്രകോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ? | (എഫ്) 4,34 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

WHALE FORMS whale@vsnl.com 0135-2641374

# അനുബന്ധം - I

| Year | Security Deposit | Advance Tax | Total (SD+AT) | ET |
|---|---|---|---|---|
| 2006-07 | 182.34 | 1783.24 | 1965.58 | 5409.42 |
| 2007-08 | 369.42 | 4063.43 | 4432.85 | NIL |

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>നിയമസഭാ ചോദ്യം നം. 64</u> 27.2.2008 <u>ൽ മറുപടിയ്ക്ക്</u>

## <u>സുനാമി പുനരധിവാസം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ജോർജ് എം.തോമസ് :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീമതി പി.അയിഷാ പോറ്റി :<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.ബി.രാഘവൻ : | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ; | എ)<br>• കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ 1441.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>• പതിനോരായിരം കുടുംബങ്ങൾക്ക് സൗജന്യമായി വീടും സ്ഥലവും ലഭ്യമാക്കുന്നതിന് 325 കോടി രൂപയുടെ പദ്ധതി.<br>• തീരദേശ മേഖലയിൽ കുടിവെള്ള പദ്ധതി, ആലപ്പുഴ, കൊല്ലം ജില്ലകളിൽ സമഗ്ര കുടിനീർ വിതരണ പദ്ധതി.<br>• തീരപ്രദേശങ്ങളിൽ ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തൽ.<br>• തീരദേശ സംരക്ഷണത്തിനായി കടൽ ഭിത്തികളുടെയും പുലിമുട്ടുകളുടെയും നിർമ്മാണം, പഴയ കടൽഭിത്തികളുടെ പുനരുദ്ധാരണം.<br>• ബീച്ചുകളുടെയും പുഴകളുടെയും സംരക്ഷണം.<br>• തീരദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്രവികസനം.<br>• തീരദേശ മേഖലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ. |

- കൊല്ലം ജില്ലയിലെ കല്ലുമൂട്ടിൽ കടവ്, ആയിരം തെങ്ങ്-അഴീക്കൽ, ആലപ്പുഴ ജില്ലയിലെ കൊച്ചീടെ ജെട്ടി എന്നീ മൂന്ന് പാലങ്ങളുടെ നിർമ്മാണം.
- ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയിൽ പുതിയ പാലം, ആറാട്ടുപുഴ മുതൽ ചെല്ലാനം വരെ തീരദേശ ഹൈവേ
- മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും തുറമുഖവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും.
- ഫോർട്ടുകളുടെ നവീകരണം.
- തീരദേശ സംരക്ഷണത്തിനായി ഹരിതതീരം പദ്ധതി
- തീരപ്രദേശത്ത് മാതൃകാ അംഗനവാടികൾ
- സുനാമി ദുരന്തം രൂക്ഷമായി ബാധിച്ച അഴീക്കോട്, ആറാട്ടുപുഴ, എടവനക്കാട്, അന്ധകാരനഴി എന്നീ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതി.
- ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ.
- പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതിയിൽ സുനാമി ബാധിത മേഖലയിലെ മുപ്പതിനായിരത്തോളം സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ സ്കോളർഷിപ്പ്
- സുനാമി ബാധിത മേഖലയിലെ 1,33,898 കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ.

ബി) തീരദേശവാസികൾക്ക് സൗജന്യമായി വീടും സ്ഥലവും നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

ബി) തീരദേശത്ത് അപകട മേഖലയിൽ കഴിയുന്നവർക്ക് സൗജന്യമായി വീടും സ്ഥലവും നൽകുന്ന പദ്ധതിക്ക് 325.54 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. തീരദേശ നിയന്ത്രണ മേഖലയിൽ താമസിക്കുന്നവരെ നാല് കാറ്റഗറികളായി തിരിച്ച് മുൻഗണനാക്രമത്തിൽ മാറ്റി പാർപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നാല്

കാറ്റഗറികളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

കാറ്റഗറി 1 : സുനാമിയെ തുടർന്ന് വാസ സ്ഥലം പൂർണ്ണമായി തകർന്ന കുടുംബങ്ങൾ.

കാറ്റഗറി 2 : ഹൈടൈഡ് ലെവലിൽ 10 മീറ്ററിനുള്ളിൽതീരത്ത് താമസിക്കുന്നവരും മറ്റ് വാസസ്ഥലങ്ങൾ മറ്റെവിടെയും ഇല്ലാത്തതുമായ കുടുംബങ്ങൾ.

കാറ്റഗറി 3: ഹൈടൈഡ് ലെവലിൽ 200-500 മീറ്ററിനുള്ളിൽ തീരത്ത് താമസിക്കുന്നവരും മറ്റ് വാസ സ്ഥലങ്ങൾ മറ്റെവിടെയും ഇല്ലാത്തതുമായ കുടുംബങ്ങൾ.

കാറ്റഗറി 4 : ഹൈടൈഡ് ലെവലിൽ 500 മീറ്ററിനുള്ളിൽ തീരത്ത് താമസിക്കുന്നവരും മറ്റ് വാസ സ്ഥലങ്ങൾ ഉണ്ടെങ്കിലും വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങളെ നേരിടുന്നവരുമായ കുടുംബങ്ങൾ.

9 തീരദേശ ജില്ലകളിലായി 11,000 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകികഴിഞ്ഞു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| സി) | ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; സുനാമി പുനരധിവാസ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ? | ഡി) | • തീരദേശ മേഖലയിൽ കുടിവെള്ള പദ്ധതി, ആലപ്പുഴ, കൊല്ലം ജില്ലകളിൽ സമഗ്ര കുടിനീർ വിതരണ പദ്ധതി.<br>• തീരപ്രദേശങ്ങളിൽ ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തൽ.<br>• തീരദേശ സംരക്ഷണത്തിനായി കടൽ ഭിത്തികളുടെയും പുലിമുട്ടുകളുടെയും നിർമ്മാണം, പഴയ കടൽഭിത്തികളുടെ പുനരുദ്ധാരണം. |

- ബീച്ചുകളുടെയും പുഴകളുടെയും സംരക്ഷണം.
- തീരദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്രവികസനം.
- തീരദേശ മേഖലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.
- കൊല്ലം, ആലപ്പുഴ ജില്ലകളിലെ മൂന്ന് പാലങ്ങളുടെ നിർമ്മാണം.
- ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയിൽ പുതിയ പാലം, ആറാട്ടുപുഴ മുതൽ ചെല്ലാനം വരെ തീരദേശ ഹൈവേ.
- മത്സ്യ ബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും തുറമുഖവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും.
- ഫോർട്ടുകളുടെ നവീകരണം.
- തീരപ്രദേശത്ത് മാതൃകാ അംഗനവാടികൾ
- സുനാമി ദുരന്തം രൂക്ഷമായി ബാധിച്ച അലപ്പാട്, ആറാട്ടുപുഴ, എടവനക്കാട്, അന്ധകാരനഴി എന്നീ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതി.

2009 മാർച്ച് മാസത്തിൽ സുനാമി പുനരധിവാസ പദ്ധതികൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| ക്രമനം. | ജില്ല | വിഭാഗം | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | കൊല്ലം | I,II,III & IV | 2356 |
| 2 | ആലപ്പുഴ | I,II & III (ഭാഗികം) | 4544 |
| 3 | തിരുവനന്തപുരം | II | 1375 |
| 4 | എറണാകുളം | II , III & IV | 486 |
| 5 | തൃശ്ശൂർ | II & III | 1066 |
| 6 | മലപ്പുറം | II &III | 208 |
| 7 | കോഴിക്കോട് | II & III | 567 |
| 8 | കണ്ണൂർ | II & III | 128 |
| 9 | കാസർഗോഡ് | II & III (ഭാഗികം) | 270 |
| ആകെ | | | 11000 |

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.65 27.02.08 -ന് മറുപടിക്ക്

ദുരന്തനിവാരണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |

.........

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി "യുവ കർമ്മസേന" രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ രൂപീകരണവും, പ്രവർത്തനവും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ബി) സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിലാണ് " യുവ കർമ്മസേന" രൂപീകരിക്കുന്നത് ; | (എ) & (ബി) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി യുവ കർമ്മ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം/ദുരന്തം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ദുരന്ത നിവാരണം ഏറ്റവും വേഗത്തിലും സമഗ്രവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനു വേണ്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് സെക്രട്ടറി കൺവീനർ ആയി എല്ലാ ജില്ലകളിലും വില്ലേജ് തല കർമ്മ സേന രൂപീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കർമ്മ സേനയിൽ National Service Scheme, Nehru Yuva Kendra, National Cadet Corps, സ്കൂൾ കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, NGO's, മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവർ അംഗങ്ങളാണ്. |

| | | |
|---|---|---|
| (സി) | ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇവർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വേണ്ടി മുഖ്യ ഏജൻസിയായ Institute of Land and Disaster Management - ലെ ദുരന്ത നിവാരണ ഫാക്കൽറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ദുരന്ത നിവാരണ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക ലഭിക്കും; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) വിവിധ ദുരന്ത സാദ്ധ്യതകളുള്ള കേരളത്തിൽ നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സംബന്ധിച്ച് 34.6 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ചെലവിലേയ്ക്കായി അഞ്ചു ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പദ്ധതി തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ ഐ.എൽ.ഡി.എം ഫാക്കൽറ്റി യെ ചുമതലപ്പെടുത്തുകയും പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി യുവ കർമ്മ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം/ദുരന്തം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ദുരന്ത നിവാരണം ഏറ്റവും വേഗത്തിലും സമഗ്രവുമായ രീതിയിൽ കൈകാര്യം ചെയ്യുന്ന ദിനു വേണ്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറി കൺവീനറും ആയി എല്ലാ ജില്ലകളിലും വില്ലേജ് തല കർമ്മസേന രൂപീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ കർമ്മ സേനയിൽ National Servive Scheme, Nehru Yuva Kendra, National Cadet Corps, സ്കൂൾ കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, NGO's, മറ്റു സന്നദ്ധ സംഘടകൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവർ അംഗങ്ങളാണ്. കൂടാതെ ഇവർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമത പുർപ്പെടുത്താൻ, പരിശീലനം നല്കുന്നതിന് വേണ്ടി മുഖ്യ ഏജൻസിയായ Institute of Land and Disaster Management - ലെ ദുരന്ത നിവാരണ ഫാക്കൽറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിവിധ ദുരന്ത സാദ്ധ്യതകളുള്ള കേരളത്തിൽ നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സംബന്ധിച്ച് 34.6 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ചെലവിലേയ്ക്കായി അഞ്ചു ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പദ്ധതി തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ ഐ.എൽ.ഡി.എം ഫാക്കൽറ്റി യെ ചുമതലപ്പെടുത്തുകയും പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളും യു.എൻ. ഡെവലപ്മെന്റ് പ്രോഗ്രാമും (UNDP) സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ദുരന്ത നിവാരണ പദ്ധതി പ്രകാരം വിവിധ ദുരന്ത സാധ്യതകളുള്ള കേരളത്തിൽ ഭാവിയിൽ സംഭവിക്കാൻ ഇടയുള്ള ദുരന്തങ്ങളെ പഠനവിധേയമാക്കി ലഘൂകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റിനെയും ജന

ങ്ങളേയും സജ്ജമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ റവന്യൂ വകുപ്പിന്റെ ചുമതലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ വിവിധ തലങ്ങളിലുള്ള ബോധവത്ക്കരണ പരിശീലന പരിപാടികൾ, സ്ഥിതി വിവര കണക്ക് ശേഖരണം, മുന്നറിയിപ്പ് സംവിധാനങ്ങളുടെ സ്ഥാപനം, വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ഏകോപനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള കർമ്മ പരിപാടികൾ എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

ദുരന്ത നിവാരണ പരിശീലനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 5 ലക്ഷം രൂപ 2245-80-102-99-ട്രെയിനിംഗ് എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ തുക ദുരന്ത നിവാരണ ട്രെയിനിംഗുകൾ നടത്തുന്നതിന് മുഖ്യ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് - ലെ ദുരന്ത നിവാരണ ഫാക്കൽറ്റിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 66**  **27-02-2008 ൽ മറുപടിയ്ക്ക്.**

### ജനസേവന കേന്ദ്രം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ജനസേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | (എ) & (ബി) | പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളനാട്, തളിക്കുളം, താനാളൂർ എന്നീ മൂന്നു ഗ്രാമപഞ്ചായത്തുകളിലാണ് ഇപ്പോൾ ജനസേവന കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. ഈ കേന്ദ്രങ്ങളിലെ പ്രവർത്തനം വിലയിരുത്തി മറ്റു പഞ്ചായത്തുകളിലും ജനസേവന കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |

D. Shilaja Kumari Amma

സെക്ഷൻ ഓഫീസർ

27.2.2008-ൽ മറുപടിക്ക്

## ആഴക്കടൽ മത്സ്യബന്ധനം

ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ എ.എം. യൂസഫ്
ശ്രീ.വി.ശശികുമാർ
ശ്രീ എ.എം. ആരിഫ്
ശ്രീ കെ.വി. കുഞ്ഞിരാമൻ

എ) ആഴക്കടൽ മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

എ) ആഴക്കടൽ മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ ഇതിനകം തന്നെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വഴി 50 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും 13 ബോട്ടുകൾക്ക് ഒരു ബോട്ടിന് 7.5 ലക്ഷം രൂപ വീതം ധനസഹായവുമാണ് നൽകുന്നത്. ഇതനുസരിച്ച് പരിശീലനം നൽകേണ്ട മത്സ്യത്തൊഴിലാളികളെയും അർഹതയുള്ള ബോട്ടുകളേയും തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയാണ് ഇതിന് വേണ്ടി നീക്കിവെച്ചിട്ടുള്ളത്. കൂടാതെ മത്സ്യഫെഡ് വഴി 4 കോടി രൂപ ചെലവഴിച്ച് ഡോറി ഫിഷിംഗ് പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ബി) എത്ര യൂണിറ്റുകളാണ് ആരംഭിക്കുന്നത്, പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ;

ബി) യൂണിറ്റടിസ്ഥാനത്തിലല്ല മറിച്ച് സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 13 മത്സ്യബന്ധന ബോട്ടുകൾ ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിധത്തിൽ പുതുക്കിപ്പണിയുന്നതിനാണ് ധനസഹായം നൽകാനുദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. എന്നാൽ മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതിക്ക് വേണ്ട 4 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭ്യമായിട്ടുള്ളതാണ്.

സി) ഏതെല്ലാം പ്രദേശങ്ങളാണ് പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്;

സി) സംസ്ഥാനതലത്തിലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

ഡി) പദ്ധതി നടപ്പാക്കുന്നതുമൂലം മത്സ്യകയറ്റുമതി രംഗത്ത് എത്രമാത്രം നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഡി) നിലവിലുള്ള മത്സ്യ ഉൽപ്പാദനത്തിൽ ആഴക്കടൽ മത്സ്യബന്ധനം വഴി ലഭിക്കുന്നത് ഒരു ശതമാനമെന്നാണ് കണക്കാക്കിയിട്ടുള്ളത് ഇത് വർദ്ധിപ്പിക്കുക, ട്യൂണ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക, ഇതുവരെ ചൂഷണം ചെയ്യപ്പെടാത്ത ആഴക്കടൽ മേഖലയെ പരമാവധി പ്രയോജനപ്പെടുത്തുക, തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുക എന്നിവയാണ് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നത് വഴി ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 68

27. 2. 2008-ൽ മറുപടിക്ക്

## പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. പ്രഭാകരൻ മാസ്റ്റർ<br>ശ്രീ. [illegible]<br>ശ്രീ. പി. വിശ്വൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) ഉണ്ട്. കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ, അർത്തുങ്കൽ, പരപ്പനങ്ങാടി, താനൂർ, മഞ്ചേശ്വരം, വെള്ളയിൽ, ചെത്തി, ചെല്ലാനം, എന്നിവിടങ്ങളിൽ പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ എന്നീ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ചെല്ലാനം, അർത്തുങ്കൽ എന്നിവക്ക് ടി.ആർ.പി. സ്കീമിൽ അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ ഒരു മിനി ഫിഷിംഗ് ഹാർബറിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷം തീരുമാനിക്കുന്നതാണ്. |
| ബി) ഇപ്പോൾ ഏതെല്ലാം ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; | ബി) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, പൊന്നാനി, കൊയിലാണ്ടി, തലായി എന്നിവയാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ. കായംകുളം, വിഴിഞ്ഞം, മുതലപ്പൊഴി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണികൾ എല്ലാം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. |
| സി) ഏതെല്ലാം ചെറുകിട തുറമുഖങ്ങൾക്കുള്ള പദ്ധതിയാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ളത്; | സി) കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ എന്നീ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. |
| ഡി) ഇവയുടെ അംഗീകാരം നേടിയെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 69 — 27.2.2008-ൽ മറുപടിക്ക്

**കയ്യേറ്റഭൂമി ഒഴിപ്പിക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്,<br>ശ്രീ. എം.എം.മോനായി ,<br>ശ്രീ.കെ.കെ.ജയചന്ദ്രൻ,<br>ശ്രീ.എം.ചന്ദ്രൻ,<br>ശ്രീ.ബാബു എം.പാലിശ്ശേരി. | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ). കൈയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനുമായി 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറുടെ 12.5.2007-ലെ എൽ.ആർ.കെ3-22957/07 നമ്പർ സർക്കുലർ പ്രകാരം ജില്ലകളിലെ അനധികൃത കൈയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും രണ്ട് സ്പെഷ്യൽ ടാസ്ക് ഫോഴ്സുകൾ വീതം രൂപീകരിച്ചിട്ടുണ്ട്.. ടി ടാസ്ക് ഫോഴ്സുകൾ അനധികൃത കൈയ്യേറ്റങ്ങൾ കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ ഇതിനകം എത്ര ഏക്കർ കയ്യേറ്റ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിനകം 12717. 57 ഏക്കർ കൈയ്യേറ്റ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്.6 ഏക്കറോളം ഭൂമി കൂടി ഒഴിപ്പിച്ച് ലാന്റ് ബാങ്കിൽ നിക്ഷേപിക്കുവാനും നടപടിയായിട്ടുണ്ട്. |
| (സി) സർക്കാരിന്റെ ലാന്റ് ബാങ്കിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളത് ; | (സി). സർക്കാരിന്റെ ലാന്റ് ബാങ്കിൽ ഇതുവരെ 312959. 66 ഏക്കർ ഭൂമിയാണുള്ളത്. |
| (ഡി) ഈ ഭൂമി എങ്ങനെ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br>(ഇ) ഭൂരഹിതർക്ക് ഈ ഭൂമി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ? | (ഡി) & (ഇ):<br>ഭൂരഹിതരായ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനാണ് പ്രധാനമായും ഈ ഭൂമി വിനിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പൊതു ആവശ്യങ്ങൾക്കു വേണ്ടിയും ഈ ഭൂമി ഉപയോഗപ്പെടുത്തുന്നതാണ്. ഫലപ്രദമായ വിധത്തിലുള്ള ഭൂമിയുടെ വിനിയോഗം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 70 — 27/2/2008-ൽ മറുപടിക്ക്

## പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചു കൊടുക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ; | ബി) പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നിലവിൽ പൊതുവായ ഒരു പ്രത്യേക സംവിധാനമില്ല. എന്നാൽ ചില പദ്ധതികൾക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ പുനരധിവാസത്തിനായി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് പൊതുവിൽ ഒരു പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒരു സാമൂഹ്യസുരക്ഷാ പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| സി) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുത്തു നൽകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | സി) പൊതുആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ അനിവാര്യമായ കേസുകളിൽ 17(4) വകുപ്പ് പ്രകാരം (അടിയന്തിര ഖണ്ഡം) നടപടികൾ സ്വീകരിച്ച് ഭൂമി ഏറ്റെടുത്ത് വരുന്നു. കൂടാതെ കാലതാമസം ഒഴിവാക്കുന്നതിനായി ലാന്റ് അക്വിസിഷൻ ആക്ടിന് വിധേയമായി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഉഭയ സമ്മതപ്രകാരവും ഭൂമി ഏറ്റെടുത്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 71 — 27-02-2008 ൽ മറുപടിയ്ക്ക്.

### ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എൻ. ശക്തൻ | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിന് 1998-ൽ കേന്ദ്ര സർക്കാർ എത്ര തുക ഗ്രാന്റായി അനുവദിച്ചു; ഇത് ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തുന്നതിന് 1998-99-ൽ കേന്ദ്ര സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 12 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് അനുവദിച്ചത്. ഈ ആവശ്യത്തിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് പഞ്ചായത്തുകളിൽ സ്ഥാപിച്ചു. ഇതിലേയ്ക്കായി ആവശ്യമായ പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനവും നൽകിയിട്ടുണ്ട്. |
| ബി) തുക ചെലവഴിക്കാൻ കഴിയാതെ വന്നതിനാൽ ഗ്രാന്റ് തുകയ്ക്ക് പലിശ അടയ്ക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ പരിശോധനാ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (ബി) തുക ചെലവഴിയ്ക്കാൻ കഴിയാതെ വന്നതിനാൽ ഗ്രാന്റ് തുകക്ക് പലിശ അടയ്ക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ പരിശോധനാ റിപ്പോർട്ട് നൽകിയിട്ടില്ല. "പ്രത്യേക കേന്ദ്ര ധനസഹായം വേണ്ടത്ര ഉപയോഗിക്കായ്ക" എന്ന ഒരു |

ഒബ്ജക്ഷനാണ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്. പ്രോജക്ടിന്റെ പ്രാരംഭ വർഷങ്ങളിൽ ചെലവ് കുറവായിരുന്നെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ പദ്ധതിയുടെ വ്യാപ്തി അനുസരിച്ച് തുക വേണ്ടത്ര ചെലവായിട്ടുണ്ട്. ഇതിലേയ്ക്കായി ആവശ്യമായ പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനവും നൽകിയിട്ടുണ്ട്.

സി) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

(സി)

- അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ള 297 ഗ്രാമപഞ്ചായത്തുകളിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഓൺലൈനായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പുതിയ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 450 ഗ്രാമപഞ്ചായത്തുകളിൽ യു.പി.എസ്സ് സ്ഥാപിച്ചു കഴിഞ്ഞു.
- 250 ഗ്രാമപഞ്ചായത്തുകളിൽ പുതിയ സെർവ്വർ കമ്പ്യൂട്ടറുകൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 506 ഗ്രാമപഞ്ചായത്തുകളിൽ എർത്തിംഗ് സംവിധാനം സ്ഥാപിച്ചുകഴിഞ്ഞു.
- 4592 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്.

- 70-ഓളം ഗ്രാമപഞ്ചായത്തുകളിൽ ഹാർഡ്‌വെയറുകൾ ലഭ്യമാക്കിയിട്ടില്ല. ഹാർഡ്‌വെയറുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനം ഊർജ്ജിതമാക്കുന്നതാണ്.
- ശേഷിച്ച പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

D. Sailaja Kumari Amma

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 72 -ാം നമ്പർ ചോദ്യം 27.02.2008 -ലെ മറുപടിക്ക്

## വിദേശ സാമ്പത്തിക വായ്പ

| ചോദ്യം<br>ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |
|---|---|
| എ). സംസ്ഥാന ഗവൺമെൻറ് വിവിധ പദ്ധതികൾക്കായി വിദേശത്തു നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിൻെറ പൊതു താല്പര്യങ്ങളെ ഹനിക്കാത്തെയും വികസനത്തിനു ആവശ്യമുള്ളതുമായ വിദേശ സാമ്പത്തിക സഹായമാണ് സ്വീകരിക്കുന്നത്. |
| ബി) ഗവൺമെൻറ് ഗ്യാരൻറിയിന്മേൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിദേശ വായ്പ സ്വീകരിച്ചിട്ടുള്ളത് ? | സുനാമി അടിയന്തര സഹായ പദ്ധതി, സുസ്ഥിര നഗര വികസനപദ്ധതി, കേരള ട്രാൻസ്പോർട്ട് പ്രോജക്ട്, കേരള ശുദ്ധജല വിതരണ ശുചിത്വ പദ്ധതി, ടെക്നിക്കൽ എഡ്യുക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാം, നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (സർഫസ് വാട്ടർ, ഗ്രൗണ്ട് വാട്ടർ) എന്നീ ആവശ്യങ്ങൾക്കാണ് ഗവൺമെൻറ് ഗ്യാരൻറിയിന്മേൽ വിദേശ വായ്പ സ്വീകരിച്ചിട്ടുള്ളത് |
| സി) എ.ഡി.ബി, വേൾഡ് ബാങ്ക് തുടങ്ങിയ വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സംസ്ഥാന ഗവൺമെൻറ് എന്ത് തുക വായ്പ വാങ്ങിയിട്ടുണ്ട്; ഇതിനായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | 30.9 കോടി രൂപ എ.ഡി.ബി.യിൽ നിന്നും 181.31 കോടി രൂപ ലോക ബാങ്കിൽ നിന്നുമാണ് വായ്പ വാങ്ങിയിട്ടുള്ളത്. വായ്പ കാലാകാലങ്ങളിൽ വിദേശ ധനകാര്യ സ്ഥാപനങ്ങളും കേന്ദ്ര ഗവൺമെൻറും പ്രോജക്ടുകളുടെ സ്വഭാവമനുസരിച്ച് വ്യത്യസ്ത മാനദണ്ഡങ്ങൾ-വ്യവസ്ഥകളാണ് സ്വീകരിക്കുന്നത്. |

| | |
|---|---|
| ഡി) ഈ വായ്പകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | വിദേശവായ്പ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത് കേന്ദ്രഗവൺമെന്റ് മുഖേനയാണ്. പ്രസ്തുത ലോണുകളുടെ കാലാവധി 20 വർഷവും അതിന്റെ തിരിച്ചടവ് 20 തുല്യ വാർഷിക തവണകളായി അടക്കേണ്ടതാണ്. തിരിച്ചടവിനുശേഷമുള്ള മുതലിന്റെ ബാക്കി വരുന്ന തുകയുടെ പലിശ വരും വർഷങ്ങളിലെ തിരിച്ചടവിൽ ഉൾപ്പെടുന്നതായിരിക്കും. പ്രസ്തുത ലോണിന്റെ 50 ശതമാനത്തിന് 5 വർഷത്തെ വായ്പയിളവ് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം 15 തുല്യവാർഷിക തവണകളായി മുതലും പലിശയും അടച്ചു തീർക്കേണ്ടതാണ്. |
| ഇ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വിദേശത്തു നിന്നും സംസ്ഥാനത്തിനു ലഭിച്ച സാമ്പത്തിക സഹായം, വായ്പ, ഗ്രാൻറ് എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ? | കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ വായ്പയായി 212.25 കോടി രൂപയും ഗ്രാൻറായി 108.53 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: ടി.73

27.02.2008 ൽ മറുപടിയ്ക്ക്

## ഇ.എം.എസ്.ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |

(എ) ഇ.എം.എസ് ഭവന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇത് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വീടൊന്നിന് എന്തു തുകയാണ് പദ്ധതി പ്രകാരം ചെലവഴിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(എ, ബി, സി & ഡി) ഇ.എം.എസ്.ഭവന പദ്ധതിക്ക് സമ്പൂർണ്ണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 19/2/07-ൽ ഡോ: എ അച്യുതൻ ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി 2007 നവംബർ മാസം 14 ാം തീയതി റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് 5 ലക്ഷം പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള മൂന്ന് ലക്ഷം ഭവനങ്ങൾ പുതുക്കി പണിയുന്നതിനും 1 ലക്ഷം പാർപ്പിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനും ശുപാർശ ചെയ്തിരുന്നു. ഇതിനായി പദ്ധതി വിഹിതത്തിനു പുറമേ കണ്ടെത്തേണ്ട അധിക വിഭവ സമാഹരണം സംബന്ധിച്ച് കമ്മിറ്റി സമർപ്പിച്ച നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭവന നിർമ്മാണത്തിനായി പൊതു വിഭാഗത്തിന് 50,000 രൂപയും പട്ടികജാതിക്കാർക്ക് 75,000 രൂപയും പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് 100000 രൂപയുമാണ് സബ്

സിഡിയായി നൽകിവരുന്നത് നടപ്പു സാമ്പത്തിക വർഷം ഇ.എം.എസ് ഭവന പദ്ധതിക്കായി 17 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.എം.എസ്.ഭവന പദ്ധതിയുടെ അധിക വിഭവ സമാഹരണം സംബന്ധിച്ചും കമ്മിറ്റിയുടെ മറ്റ് നിർദ്ദേശങ്ങൾ സംബന്ധിച്ചും അന്തിമ തീരുമാനത്തിന് കാലതാമസം ഉണ്ടാകുമെന്നത് പരിഗണിച്ച് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 17 കോടി രൂപ സംസ്ഥാനത്തെ ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തുകൾ വഴി ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം – സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 74. 27.02.2008 – ലെ മറുപടിക്ക്.

കെ.എസ്.ടി.പി. റോഡ് പണി

ചോദ്യം ഉത്തരം

ശ്രീ. എം. ഉമ്മർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു: ധനകാര്യവകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കെ. എസ്.ടി.പി. പദ്ധതി പ്രകാരം ചെയ്തു തീർത്ത പണിയുടെ കുടിശ്ശിക തുക തടഞ്ഞുവെച്ച നടപടി മൂലമാണ് പതിബെൽ കമ്പനിക്ക് റോഡ് നിർമ്മാണ കരാറിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചതെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | എ) ബി) ആൻറ് സി)<br><br>26.2.2006-ലും 2.3.2006-ലും കൂടിയ കെ.എസ്.ടി.പി.യുടെ സ്റ്റിയറിംഗ് കമ്മിറ്റി, ഓരോ റോഡ് ഭാഗത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ തീർക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിരുന്നു. അതനുസരിച്ച് പണി തീർന്നില്ലെങ്കിൽ എൽ.ഡി (liquidated Damages) ഈടാക്കണമെന്നും തീരുമാനിച്ചിരുന്നു. നിശ്ചിത സമയത്ത് പണി തീർക്കാതിരുന്നതിനാൽ കമ്പനി സർക്കാരിന് Liquidated Damages ആയി നൽകേണ്ടിയിരുന്ന 15 കോടി രൂപ ഈടാക്കണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിരുന്നു.<br>26,27,28 എന്നീ ബില്ലുകൾ പ്രകാരം ആകെ 12.58 കോടി രൂപയാണ് കോൺട്രാക്ടർക്ക് കൊടുക്കേണ്ടിയിരുന്നത്.<br>ഈ സാഹചര്യത്തിലാണ് നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ കോൺട്രാക്ടറിൽ നിന്നും |
| ബി | കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നുവെന്നും ഇത് ചെയ്യാതെ ഉദ്യോഗസ്ഥർ കമ്പനിയുടെ ബിൽ പേയ്മെന്റുകൾ നിർത്തിവച്ച് സർക്കാർ താല്പര്യത്തിന് തുരങ്കം വെയ്ക്കുകയുമാണ് ഉണ്ടായത് എന്നും കണ്ടെത്തിയിട്ടുണ്ടോ; | |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ. 75*     27/02/2008 -ൽ മറുപടിയ്ക്ക്

## റീസർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>( റവന്യൂ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ റീ സർവ്വേ ജോലി-കളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | എ) | 1. കേരള സംസ്ഥാനത്തിൽ 1604 സർവെ വില്ലേജുള്ളതിൽ 939 വില്ലേജ് റീസർവെയ്യു എടുത്തു. 665 വില്ലേജ് ഇനി റീസർവെയ്യ് എടുക്കേണ്ടതുണ്ട്.<br>2. റീസർവെയ്യു എടുത്ത 939 വില്ലേജിൽ 731 വില്ലേജ്കളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. 208 വില്ലേജിന്റെ ഫീൽഡ്/ആഫീസ് ജോലികൾ പുരോഗതിയിൽ ആണ്. |
| ബി) | റീ സർവ്വേ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) | റീസർവെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | റീ സർവ്വേയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ ദീർഘകാലമായി കെട്ടിക്കിടക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | സി) | ഇതിനായി റീസർവേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ പൊതുജനങ്ങളുടെയും, സന്നദ്ധസംഘടനകളുടെയും രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെയും സഹകരണത്തോടുകൂടി ജനകീയ സർവെ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ആയത് അനുസരിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ശേഷിക്കുന്ന സർവെ അദാലത്ത് പരാതികൾ ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യം. |
| ഡി) | ഇതുവരെ റീ സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ലാത്ത എത്ര വില്ലേജുകൾ ഉണ്ട് ; | ഡി) | ആകെയുള്ള 1604 സർവെ വില്ലേജുകളിൽ 939 വില്ലേജുകളിൽ റീസർവെ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 665 വില്ലേജുകളിൽ റീസർവെ ആരംഭിക്കാനുണ്ട്. |
| ഇ) | റീ സർവ്വേ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | ഇ) | മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. |

Sree Kala. P.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 76 — 27-02-2008 ൽ മറുപടിയ്ക്ക്.

## 'ഒരേ റാങ്കിന് ഒരേ പെൻഷൻ'

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. എം. ജെ.ജേക്കബ്<br>ശ്രീ. സൈമൺ ബ്രിട്ടോറോഡ്രിഗ്സ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ. തോമസ് ഐസക്<br>ബഹു: ധനകാര്യവകുപ്പ് മന്ത്രി. |
| (എ) | 'ഒരേ റാങ്കിന് ഒരേ പെൻഷൻ' പദ്ധതി നടപ്പാക്കുന്ന നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ? | 2,29,215 പെൻഷൻ അപേക്ഷകൾ അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കിയതിൽ04.02.2008 വരെ 54, 542 പെൻഷൻ രജിസ്റ്റർ ചെയ്യുകയും 28,148 പേരുടെ പെൻഷൻ പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പേരുടെ പെൻഷൻ ആണ് പുനർ നിർണ്ണയിക്കാനുള്ളത്; ഇതിനകം എത്രപേരുടെ പെൻഷൻ പുനർ നിർണ്ണയിച്ചിട്ടുണ്ട്. | 2,92,028 പേരുടെ പെൻഷനാണ് ഈ പദ്ധതിപ്രകാരം പുനർ നിർണ്ണയിക്കാനുള്ളത്. 4.2.2008 വരെ 28,148 പേരുടെ പെൻഷൻ പുനർ നിർണ്ണയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജോലി ത്വരിതപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | പെൻഷൻ ബുക്ക് നിലവിൽ വരുന്നതിന് മുമ്പ് സർവ്വീസിൽ നിന്നു വിരമിച്ചവരുടെ വിരമിച്ച സമയത്തെ ഉദ്യോഗ പേര്, ശമ്പള സ്കെയിൽ, യോഗ്യ സേവനകാലം എന്നിവ ശേഖരിക്കുന്നതിലുണ്ടായ ബുദ്ധിമുട്ട് കാരണം പെൻഷൻ പരിഷ്ക്കരണ ജോലികൾക്ക്, അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ തുടക്കത്തിൽ കുറച്ച് കാലതാമസം ഉണ്ടായി എങ്കിലും ഇപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഷ്ക്കരണം നടക്കുന്നു. ദിനം പ്രതി 600 പേരുടെ പെൻഷൻ പുനർനിർണ്ണയം ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| | | അത് മാർച്ച് 31 ന് ശേഷം 2000 ആയി വർദ്ധിപ്പിക്കാനാണ് അക്കൗണ്ടൻറ് ജനറൽ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | എന്നത്തേയ്ക്ക് പെൻഷൻ പുനർ നിർണ്ണയം പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ ? | 31.08.08 നകം മുഴുവൻ പേരുടേയും പെൻഷൻ പുനർ നിർണ്ണയം ചെയ്തിരിക്കുമെന്ന് അക്കൗണ്ടൻറ് ജനറൽ ഉറപ്പു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.77 — 27.02.2008 -ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റു തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവർത്തികൾക്കായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൻ തുകകൾ ഡെപ്പോസിറ്റ് ചെയ്യെങ്കിലും സമയത്തിന് പ്രവൃത്തികൾ പൂർത്തിയാക്കുകയോ തുക തിരികെ നൽകുകയോ ചെയ്യാത്ത നിരവധി കേസുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) കെ.എസ്.ഇ.ബി., കേരളാവാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങളിലാണ് മുഖ്യമായും തുക ഡെപ്പോസിറ്റ് ചെയ്യിട്ടുള്ളത്. ഇതുവരെ ഡെപ്പോസിറ്റ് ചെയ്യിട്ടുള്ളതിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനം തടസ്സപ്പെടുത്തുന്ന ഇത്തരം കേസുകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുമോ ; | (സി) ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. ഇനിയും ചർച്ച തുടരുന്നതാണ്. |
| (ഡി) ഡെപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുമോ ? | (ഡി) ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചർച്ച ചെയ്യ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1
## ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ

| സ്ഥാപനത്തിന്റെ പേര് | പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എണ്ണം | ശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 719 | 26.07 കോടി രൂപ | 4292 പ്രവൃത്തികളിൽ 3573 എണ്ണം പൂർത്തിയാക്കി. |
| കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | മൈത്രി ഭവന പദ്ധതി | 21.84 കോടി രൂപ | ആകെ 1,34,968 ഗുണഭോക്താക്കൾക്കായി നിക്ഷേപിച്ച തുക 173.34 കോടി രൂപ. |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1750 | 17.89 കോടി രൂപ | 42,896 പ്രവൃത്തികളിൽ 41, 146 എണ്ണം പൂർത്തിയാക്കി. |

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 78

27-02-2008-ലെ മറുപടിക്ക്

### സിനിമാ ശാലകളിലെ വിനോദ നികുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹീദ് | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ സിനിമാശാലകളിലും മറ്റ് പ്രദർശന ശാലകളിലും നൽകുന്ന പ്രവേശന ടിക്കറ്റുകളിൽ വിനോദ നികുതി അടയ്ക്കാതെ തന്നെ മുദ്ര പതിപ്പിച്ച് കൊടുക്കുന്ന ചില ഉദ്യോഗസ്ഥ സംഘം പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത സംഘത്തിന്റെ നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉദിക്കുന്നില്ല. |
| (സി) | വിനോദ നികുതി വെട്ടിപ്പ് തടയുന്നതിന് നിയോഗിക്കപ്പെട്ട സ്ക്വാഡിന്റെ പ്രവർത്തനം നിരീക്ഷണ വിധേയമാക്കുമോ ; | (സി) | വിനോദ നികുതി വെട്ടിപ്പ് തടയുന്നതിന് നിയോഗിക്കപ്പെടുന്ന സ്ക്വാഡുകളുടെ പ്രവർത്തനം യഥാസമയം നിരീക്ഷണ വിധേയമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിനോദ നികുതി തട്ടിപ്പ് തടയുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ? | (ഡി) | സ്പെഷ്യൽ സ്ക്വാഡിനെ കൂടാതെ തീയേറ്റർ ചെക്കിംഗിനു മാത്രമായി മൊത്തം തീയേറ്ററുകളെ രണ്ടായി തിരിച്ച് റവന്യൂ ഇൻസ്പെക്ടർ മാരുടെ മേൽ നോട്ടത്തിൽ രണ്ട് സ്ക്വാഡുകളെ നിയോഗിച്ചി ട്ടു ണ്ട്. ഓരോ മാസവും സ്ക്വാഡു കളിലുള്ള അംഗങ്ങളെ മാറ്റി പകരം പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സ്ക്വാഡുകൾ പുന:സംഘടിപ്പി ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 79 27.02.2008 ൽ മറുപടിക്ക്

## കടപ്പത്രമിറക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. ജോർജ്ജ് | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ. | സംസ്ഥാന സർക്കാർ പുതിയതായി കടപ്പത്രമിറക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | ഈ സാമ്പത്തിക വർഷം ബാക്കി നിൽക്കുന്ന കാലയളവിൽ പുതിയതായി കടപ്പത്രമിറക്കാൻ ഉദ്ദേശിക്കുന്നില്ല. |
| ബി. | എങ്കിൽ എത്ര കോടി രൂപയുടെ കടപ്പത്രമിറക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഉദിക്കുന്നില്ല. |
| സി. | ഈ തുക എന്ത് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. T*80 27.02.2008 ൽ മറുപടിക്ക്

## *ശമ്പളപരിഷ്ക്കരണ നടപടി*

| ചോദ്യം | ഉത്തരം |
|---|---|
| *ശ്രീ. ആര്യാടൻ മുഹമ്മദ്* | *ബഹു: ധനകാര്യ വകുപ്പ് മന്ത്രി* |

| | | |
|---|---|---|
| എ. | സംസ്ഥാന സർക്കാർ ജീവനക്കാർക്കായി ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ശമ്പള പരിഷ്ക്കരണത്തിന് സമയമാകുമ്പോൾ സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| ബി. | എങ്കിൽ എപ്പോൾ നിയമിക്കുമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | |

*സെക്ഷൻ ഓഫീസർ*

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 81      27.02.2008 ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ സമിതികളിലൂടെയുള്ള മരാമത്ത്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി.എൻ.വാസവൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഞ്ചു ലക്ഷം രൂപവരെയുള്ള മരാമത്തു പണികൾ ഏറ്റെടുത്തു നടത്തുന്നതിന് ഉപഭോക്തൃ സമിതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; | (എ) ഉപഭോക്തൃ സമിതികൾക്ക് അനുവാദം നൽകിയിട്ടില്ല. എന്നാൽ ബന്ധപ്പെട്ട പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ സമിതിക്ക് പണികൾ ഏറ്റെടുത്തു നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ അടങ്കൽ തുകയുടെ പരിധി വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഒട്ടേറെ പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതായും ചില |

സ്ഥലങ്ങളിൽ കരാറുകാർ ടെണ്ടർ ബഹിഷ്ക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും കരാറുകാരുടെ ഭാഗത്തുനിന്നുള്ള ഇത്തരത്തിലുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക നിലവിലുള്ള 50,000/- രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർധിപ്പിച്ചത്. സാധന സാമഗ്രികളുടെ വില വർധനവ് പദ്ധതികളുടെ അടങ്കൽ തുകയിൽ വരുത്തിയിട്ടുള്ള വർധനവ് ഇത് അനിവാര്യമാക്കുന്നു.

| | |
|---|---|
| (സി) ഉപഭോക്തൃ സമിതികളുടെ മറവിൽ ബിനാമി കരാറുകാർ പണി ഏറ്റെടുക്കുന്നതു തടയുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) & (ഡി) ഗുണഭോക്തൃ സമിതികൾ മുഖേന ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ പൂർണ്ണ വിവരങ്ങൾ പ്രവൃത്തി നടത്തുന്ന സ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ കരാർ ഒപ്പിട്ട് നിശ്ചിത സമയത്തിനകം പൂർത്തീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഉപഭോക്തൃ സമിതികൾ നടത്തുന്ന പണികളുടെ മേൽനോട്ടം വഹിക്കുന്നതിനും സമയ ബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ? | നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനായി ഒരു ടെക്നിക്കൽ ആഡിറ്റ് ടീം രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 82 — 27/2/2006-ലെ മറുപടിക്ക്

പഞ്ചായത്ത് ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.എ.പി.അനിൽകുമാർ :<br>ശ്രീ.കെ.സി.വേണുഗോപാൽ : | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(ബഹു.തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം എന്നാണ് അവസാനമായി ക്ലിപ്തപ്പെടുത്തിയത്; | (എ) | 30.4.1982-ലെ സ.ഉ.(എം.എസ്) 85/82/എൽ.എ & എസ്.ഡബ്ല്യു. ഡി. പ്രകാരമാണ് ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം അവസാനമായി ക്ലിപ്തപ്പെടുത്തിയത്. |
| (ബി) | പഞ്ചായത്തീരാജ് സമ്പ്രദായം നിലവിൽ വന്നപ്പോൾ പഞ്ചായത്തുകളിലെ ജോലിഭാരം വർദ്ധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അതിന് ആനുപാതികമായ ഭൗതിക സാഹചര്യങ്ങളും ജീവനക്കാരെയും പഞ്ചായത്തുകൾക്ക് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്; | (സി) | പഞ്ചായത്തുകൾക്ക് കൈമാറിയ അധിക ചുമതലകൾ നിർവ്വഹിച്ചിരുന്ന ഉദ്യോഗസ്ഥരെയും കൂടിയാണ് കൈമാറിയിട്ടുള്ളത്. |
| (ഡി) | പഞ്ചായത്തുകൾക്ക് ആവശ്യത്തിന് ജീവനക്കാരും, മറ്റ് സൗകര്യങ്ങളും നല്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു എൽ.ഡി. ക്ലാർക്ക് തസ്തിക വീതം അധികമായി അനുവദിച്ചിരുന്നു. കൂടാതെ സെൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ പുനർ വിന്യാസം നടത്തി വരുന്നുണ്ട്. പഞ്ചായത്തുകളിലെ സ്റ്റാഫ്പാറ്റേണുകളെക്കുറിച്ച് പഠിക്കുന്നതിന് വേണ്ടി നിയോഗിച്ചിട്ടുള്ള സി.എം.ഡി. സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇടക്കാല റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 83 27-02-2008-ൽ മറുപടിക്ക്

## സ്മാർട്ട് സിറ്റിക്ക് കൈമാറിയ ഭൂമി

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.സുധാകരൻ:

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ.കെ.ബാബു:

ശ്രീ.എസ്.ശർമ്മ

(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റിക്ക് കൈമാറിയ ഭൂമി സംബന്ധിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഇളവു ചെയ്യണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | അവ ഇളവ് ചെയ്യുന്ന പക്ഷം എത്ര തുകയുടെ ഇളവാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ? | (ബി) | സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഇളവ് നൽകുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | വ്യാവസായിക് സംരംഭങ്ങൾക്ക് ഇളവ് ചെയ്യുന്നതു സംബന്ധിച്ച സമീപനം എന്തെന്ന് വിശദമാക്കുമോ ? | (സി) | ബന്ധപ്പെട്ട വകുപ്പിന്റെ വ്യക്തമായ നിർദ്ദേശത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലും ന്യായയുക്തത പരിശോധിച്ചും മാത്രമാണ് വ്യവസായിക സംരംഭങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്യാനുള്ള തീരുമാനം കൈക്കൊള്ളുന്നത്. |

[signature]

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.84 — 27.2.2008 -ൽ മറുപടിക്ക്

## കുടുംബശ്രീക്കു ബദലായി ജനശ്രീ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.ജയരാജൻ :<br>പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ: | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) | കുടുംബശ്രീ പദ്ധതിക്കു ബദലായി ജനശ്രീ എന്ന പേരിൽ സ്വാശ്രയ സംഘം രൂപീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്ത് മൈക്രോ ഫിനാൻസ് മേഖലയിൽ ജനശ്രീ സുസ്ഥിര വികസന മിഷൻ എന്ന പേരിൽ ഒരു സന്നദ്ധ സംഘടന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം കേന്ദ്ര ധനമന്ത്രി ശ്രീ. പി. ചിദംബരം 2-2-2008-ന് കൊച്ചിയിൽ നിർവ്വഹിച്ചതായി അറിയുന്നു. |
| (ബി) | സർക്കാരിനെയും തദ്ദേശസ്ഥാപനങ്ങളെയും മറികടന്ന് കേന്ദ്ര സർക്കാരിന്റെ വികസനഫണ്ട് ജനശ്രീവഴി നൽകാനുള്ള നീക്കത്തിനെതിരെ നടപടി സ്വീകരിക്കുമോ ; | (ബി) | ദാരിദ്ര്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിശ്ചിതമായ മാനദണ്ഡങ്ങൾ അതത് പരിപാടികളുടെ ഭാഗമായി നിശ്ചയിക്കപ്പെടുന്നതാണ്.<br>സർക്കാരിനേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും മറികടന്നുകൊണ്ട് ഏതെങ്കിലും സംഘടനയ്ക്ക് ഫണ്ട് നല്കാൻ നടപടി ഉണ്ടാവുകയാണെങ്കിൽ അതിനെതിരായി ശക്തമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. |
| (സി) | കുടുംബശ്രീ പദ്ധതി ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (സി) | കുടുംബശ്രീ പദ്ധതി ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

### അനുബന്ധം

1. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളുടെ അംഗങ്ങളുടെ വരുമാന വർദ്ധനവിന് സഹായിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സ്വയം തൊഴിൽ സംരംഭങ്ങളെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പ്രധാന ഉപാധിയായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2006 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും രൂപീകരിച്ച എല്ലാ സ്വയം തൊഴിൽ സംരംഭങ്ങളുടേയും അവസ്ഥാ പഠനം നടത്തുകയുണ്ടായി. അതിന്റെ പാഠങ്ങൾ ഉൾക്കൊണ്ടാണ് 'സമഗ്ര' പദ്ധതി നടപ്പിലാക്കുന്നത്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുമായി സംയോജിപ്പിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങളുടെ അവസ്ഥാ പഠനത്തെ തുടർന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2007 ജനുവരി -മാർച്ച് മാസങ്ങളിൽ പ്രാദേശിക സാമ്പത്തിക വികസന ക്യാമ്പയിൻ സംഘടിപ്പിക്കുയുണ്ടായി. ഇതിന്റെ ഫലമായി 700 ഓളം ഗ്രാമ പഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക രജിസ്റ്ററുകൾ അയൽക്കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുകയുണ്ടായി. കുടുംബശ്രീ സംഘടനാ സംവിധാനത്തെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളേയും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ഈ പ്രവർത്തനം സഹായിച്ചു.

3. കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്), ഏരിയ ഡവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്), അയൽക്കൂട്ടം എന്നീ ഘടകങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും, കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനും സംഘടനാ സംവിധാനത്തിലെ അംഗങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും 2007 ഏപ്രിൽ മുതൽ ഡിസംബർ വരെ നീണ്ടു നിന്ന

അക്കൗണ്ടിംഗ് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 1,60,251 അയൽക്കൂട്ടങ്ങളിൽ 1,33,796 എണ്ണവും, 999 സി.ഡി.എസ്സുകളിൽ 840 എണ്ണവും ക്യാമ്പയിന്റെ ഭാഗമായി കണക്കുകൾ ആഡിറ്റ് ചെയ്യുകയും, രജിസ്റ്ററുകൾ ചിട്ടപ്പെടുത്തുകയും ചെയ്തു.

4. കാർഷിക മേഖലയിലെ നൂതന ഇടപെടലിന്റെ ഭാഗമായി ഒരു ഉല്പന്നത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലും സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും കുടുംബശ്രീ മിഷന്റെ മുൻകൈയിൽ 'സമഗ്ര' എന്ന പദ്ധതിക്ക് രൂപം നല്കി. തിരുവനന്തപുരം ജില്ലയിൽ നേന്ത്രനും, പത്തനംതിട്ട ജില്ലയിൽ തേനും, എറണാകുളം ജില്ലയിൽ കൈതച്ചക്കയും, അടിസ്ഥാനമാക്കി സമഗ്ര പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്.

5. കുടുംബശ്രീ സംഘടനാ സംവിധാനം പൂർണ്ണമായും ശാക്തീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ ഓരോ ഗ്രാമ പഞ്ചായത്തിലേയും നഗരസഭയിലേയും കുടുംബശ്രീ സംവിധാനത്തിന്റെ ശക്തി-ദൗർബ്ബല്യങ്ങൾ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടെ പങ്കാളിത്തത്തോടെ വിലയിരുത്തി ഓരോ സംഘടനാ സംവിധാനവും നേരിടുന്ന പ്രശ്നങ്ങളെ വിശദമായി അപഗ്രഥിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കുടുംബശ്രീ സംഘടനാ സംവിധാനം പിന്നോക്കം നില്ക്കുന്ന മേഖലകൾ കണ്ടെത്തി അവയെ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. 2008-09 സാമ്പത്തിക വർഷം കുടുംബശ്രീ സംഘടനാ സംവിധാനം ഏറ്റെടുക്കുന്ന സുപ്രധാന പ്രവർത്തനം ആയിരിക്കും ഇത്.

ദരിദ്ര കുടുംബങ്ങളുടെ 100% പങ്കാളിത്തം ഉറപ്പാക്കൽ, മിതവ്യയ സമ്പാദ്യ വായ്പ പരിപാടിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ലിങ്കേജ് ബാങ്കിംഗ് വായ്പ ലഭ്യമാക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുടുംബശ്രീ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കൽ, പാട്ടകൃഷി, ഗ്രാമീണ സ്വയം തൊഴിൽ സംരംഭങ്ങൾ, യുവശ്രീ, ബാലസഭ, ആശ്രയ തുടങ്ങിയ പരിപാടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപകമായി നടപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടനാ സംവിധാനം ശാക്തീകരിക്കുന്നതിനുവേണ്ടി നടപ്പാക്കുന്നതാണ്.

(signature)
സെക്രട്ടറി/കമ്മീഷണർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.85      27.02.2008-ൽ മറുപടിക്ക്

### മൂന്നാറിലെ കയ്യേറ്റ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി. മുഹമ്മദ് എം.എൽ.എ | ശ്രീ.കെ.പി.രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) |
| എ) മൂന്നാറിൽ കയ്യേറിയ സർക്കാർ ഭൂമിയിൽ നിന്നും എത്ര സ്ഥലം ഇതിനോടകം തിരിച്ചു പിടിച്ചിട്ടുണ്ട്; | എ) മൂന്നാറിൽ 4786.73.89 ഹെക്ടർ (11823.24 ഏക്കർ) സ്ഥലം ഇതിനോടകം തിരിച്ചു പിടിച്ചിട്ടുണ്ട്. |
| ബി) ഇതിൽ ടാറ്റാ കയ്യേറിയ എത്ര ഭൂമി തിരികെ പിടിച്ചെടുത്തിട്ടുണ്ട്; | ബി) ടാറ്റാ ടീ കമ്പനി അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഭൂമി തിട്ടപ്പെടുത്തുന്നതിന് റീ സർവ്വേ ജോലികൾ നടന്നു വരികയാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ആർ.എസ്.എ-യുടെ ആഭിമുഖ്യത്തിൽ കെ.ഡി.എച്ച് വില്ലേജിൽ സാറ്റലൈറ്റ് സർവ്വേ നടത്തുകയും തുടർന്ന് എൻ.ആർ.എസ്.എ-യുടെ കൂടി ഉപദേശമനുസ്സരിച്ച് സർവ്വേ-ലാന്റ് റെക്കോർഡ്സ് വകുപ്പ് ഫീൽഡ് സർവ്വേ നടത്തുകയും ആകെയുള്ള 29 ബ്ലോക്കുകളിൽ 27 ബ്ലോക്കുകളിലെ സർവ്വേ പൂർത്തിയാക്കി സെക്ഷൻ 9 (2) അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്റെ അപ്പീൽ കാലാവധി കഴിഞ്ഞു. ലഭിച്ച അപ്പീലുകൾ പരിശോധനയിലാണ്. ഇതിൽ തീരുമാനം എടുത്തു കഴിഞ്ഞാൽ ഉടനെ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| സി) രവീന്ദ്രൻ പട്ടയങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന പട്ടയങ്ങൾ വഴി ലഭിച്ച സർക്കാർ തിരിച്ചു പിടിച്ചിട്ടുണ്ടോ? | സി) രവീന്ദ്രൻ പട്ടയങ്ങൾ എന്ന പേരിൽ പട്ടയങ്ങൾ നൽകുന്നില്ല. ലാന്റ് അസൈൻമെന്റ് കമ്മറ്റി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിയമവും ചട്ടവും അനുസരിച്ചാണ് പട്ടയങ്ങൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.86 — 27.2.2008ൽ മറുപടിക്ക്

*** ഐ.എസ്.ആർ.ഒ.യ്ക്ക് ഭൂമി ***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ,<br>ശ്രീമതി.കെ.എസ്.സലീഖ ,<br>ശ്രീ.ആർ.സെൽവരാജ്,<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഐ.എസ്.ആർ.ഒ.യ്ക്ക് ബഹിരാകാശ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രം തുടങ്ങുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ). ഐ.എസ്.ആർ.ഒ.യ്ക്ക് ബഹിരാകാശ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രം തുടങ്ങുന്നതിന്, തിരുവനന്തപുരം ജില്ലയിലെ പൊൻമുടിയിൽ ഭൂമി അനുവദിച്ചു തരണമെന്ന, ഡയറക്ടറുടെ ആവശ്യപ്രകാരം നെടുമങ്ങാട് താലൂക്കിൽ പൊൻമുടിയിൽ തെന്നൂർ വില്ലേജിൽ സർവ്വെ നം.3994 ൽ 100 ഏക്കർ ഭൂമി സൗജന്യമായി അനുവദിച്ചു കൊണ്ട് 22.11.2007-ലെ ജി.ഒ.(എം.എസ്)421/07/ആർ.ഡി. പ്രകാരവും, പൊൻമുടി അപ്പർ സാനിട്ടോറിയത്തിൽ 20 ഏക്കർ ഭൂമി അനുവദിച്ചു കൊണ്ട് 19.12.2007 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.446/2007/റവന്യൂ പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച ഭൂമിയിൽ അപ്പർ സാനിട്ടോറിയത്തിലെ 20 ഏക്കർ ഭൂമി, 31.12.2007ന് ഐ.എസ്.ആർ.ഒ.യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് സർക്കാർ സൗജന്യമായി ഭൂമി വാഗ്ദാനം ചെയ്തിട്ടുള്ളത് ; | (ബി) മേല്പറഞ്ഞ രണ്ട് സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള ഭൂമിയും സൗജന്യമായി നൽകിയിട്ടുള്ളതാണ്. |

| | |
|---|---|
| (സി) ഈ ഭൂമിയുടെ സ്വീകാര്യത സംബന്ധിച്ച് ഐ.എസ്.ഒയുടെ നിലപാട് എന്താണ് ; | (സി) ഇപ്രകാരം സർക്കാർ അംഗീകരിച്ച 100 ഏക്കർ ഭൂമിക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും പൊൻമുടി അപ്പർ സാനിട്ടോറിയത്തിൽ 36 ഏക്കർ ഭൂമി കൂടി അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും ഐ.എസ്.ആർ.ഒ. ചെയർമാന്റെ കത്ത് ലഭിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത കത്തിലെ ആവശ്യം വിശദമായി പരിശോധിച്ചതിനുശേഷം 19.12.2007-ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച 20 ഏക്കർ ഭൂമി, ഐ.എസ്.ആർ.ഒ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട്, പൊൻമുടിയിൽ തന്നെയുള്ള മറ്റൊരു 100 ഏക്കർ ഭൂമി അനുവദിച്ചു തരുവാനും തുടർന്ന് നെടുമങ്ങാട് വലിയമലയിൽ എൽ.പി.എസ്.സി. കോമ്പൗണ്ടിനോട് അനുബന്ധമായി ഭൂമി പൊന്നും വിലയ്ക്കെടുത്തു തരുവാനും ഐ.എസ്.ആർ.ഒ. ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ഡി) ഇതു സംബന്ധിച്ച തർക്കങ്ങളൊന്നും തന്നെ നിലവിലില്ല. ഗവൺമെന്റും ഐ.എസ്.ആർ.ഒ. പ്രതിനിധികളും തമ്മിൽ ചർച്ച നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87 | 27-2-2008-ൽ മറുപടി നൽകേണ്ടത്

ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഭൂമി വാങ്ങൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. പി. രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ചിലർ ഭൂമി വാങ്ങി കൂട്ടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഭൂമി വാങ്ങി കൂട്ടുന്ന വർ ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിധി യിൽ കൂടുതൽ വാങ്ങുന്നുണ്ടോ എന്നു പരിശോധിയ്ക്കാറു ണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ട്; | (ബി) | പരിശോധിക്കാറുണ്ട്. നിയമവും ചട്ടങ്ങളും അനുസരിച്ച് ഇതു ഫല പ്രദമായി തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിധി യിൽ കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽ നിന്നും മിച്ച ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതി നായി എന്ത് നടപടിയെടുത്തു വെന്ന് വ്യക്തമാക്കാമോ? | (സി) | പരിധിയിൽ കൂടുതൽ ഭൂമി കൈവ ശമുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെടു മ്പോൾ മിച്ചഭൂമി ഏറ്റെടുക്കുന്നതി നുള്ള സംവിധാനം കേരള ഭൂപരിഷ് ക്കരണ നിയമ പ്രകാരം നില വിലുണ്ട്. ഇതിലേയ്ക്ക് 63 താലൂക്ക് ലാന്റ് ബോർഡുകളും അവയുടെ പ്രവർത്തന പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്താൻ സ്റ്റേറ്റ് ലാന്റ് ബോർഡും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

[illegible]

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.88 — 27.2.2008-ൽ മറുപടിക്ക്

## മത്സ്യ ഇറക്കുമതി

**ചോദ്യം** — **മറുപടി**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : — ശ്രീ. എസ്. ശർമ്മ (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് മത്സ്യം ഇറക്കുമതി ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇറക്കുമതി പട്ടികയിൽ നിന്ന് ഏതൊക്കെ ഇനത്തിലുള്ള മത്സ്യങ്ങളാണ് ഒഴിവാക്കപ്പെട്ടത് ; | (ബി) ചാള, അയല, നെത്തോലി, ചൂര തുടങ്ങിയ 16 മത്സ്യങ്ങൾ മോസ്റ്റ് സെൻസിറ്റീവ് ലിസ്റ്റിലും ബാക്കിയുള്ള മത്സ്യങ്ങൾ സെൻസിറ്റീവ് ലിസ്റ്റിലും ഉൾപ്പെടുത്തി ഇറക്കുമതി ചെയ്യരുതെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) എത്ര ഇനം മത്സ്യങ്ങളാണ് ഇപ്പോൾ ഇറക്കുമതി പട്ടികയിൽ ഉള്ളത് ; | (സി) നാല്പത് (40). |
| (ഡി) ഇതുണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി ചർച്ചകൾ സംഘടിപ്പിക്കുമോ ; | (ഡി) ഇറക്കുമതി ഉയർത്തുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽവന്ന ഉടൻതന്നെ മത്സ്യത്തൊഴിലാളിസംഘടനകളുമായി വിശദമായി ചർച്ചചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാരിന് നിവേദനം നല്കിയത്. |
| (ഇ) ഇതിന്റെ ഭവിഷ്യത്തുകളിൽനിന്നും മത്സ്യത്തൊഴിലാളിസമൂഹത്തെ രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഇ) മത്സ്യം ഇറക്കുമതിമൂലം സംസ്ഥാനത്തെ മത്സ്യമേഖലയ്ക്ക് ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇറക്കുമതി ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89 — 27-02-2008-ൽ മറുപടിയ്ക്ക്

## സച്ചാർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| എ) സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;<br><br>ബി) റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) യും (ബി) യും<br>സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ മുസ്ലീം സമുദായത്തിന്റെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിന് ഒരു 11 അംഗ വിദഗ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി 14 ജില്ലകളിലും സിറ്റിംഗുകൾ നടത്തി റിപ്പോർട്ട് 21-02-2008 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ഇതിനായി രൂപീകരിച്ച കമ്മിറ്റി എത്ര സിറ്റിംഗുകൾ നടത്തി; | (സി) പതിനൊന്നംഗ പഠന കമ്മിറ്റി പതിനാല് ജില്ലകളിലും സിറ്റിംഗുകൾ നടത്തി. കൂടാതെ നാല് പ്രത്യേക സിറ്റിംഗുകളും നടത്തിയിട്ടുണ്ട്. |
| ഡി) കമ്മിറ്റിയുടെ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കമ്മിറ്റിയുടെ റിപ്പോർട്ട് 21-02-2008 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 90 — 27.2.2008ൽ മറുപടിക്ക്

## * ഭൂ വിപണന നിയന്ത്രണം *

**ചോദ്യം**

ശ്രീ.രാജാജി മാത്യു തോമസ്,
ശ്രീ.പള്ളിപ്രം ബാലൻ ,
ശ്രീ.വി.എസ്.സുനിൽകുമാർ,
ശ്രീ.കെ.അജിത്,
ശ്രീ.എ.കെ.ചന്ദ്രൻ

**ഉത്തരം**

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഭൂമിയുടെ വിനിയോഗവും വിപണനവും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ). ഉണ്ട്. ഭൂമിയുടെ വിനിയോഗം നിയന്ത്രിക്കുന്നതിന് 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ നിലവിലുണ്ട്. ഭൂമിയുടെ വിപണനം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് കേരള ഭൂ പരിഷ്കരണ നിയമവും പ്രാബല്യത്തിലുണ്ട്. |
| (ബി) കേരളത്തിൽ ശക്തിപ്രാപിച്ചിരിക്കുന്ന ഭൂമാഫിയകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഭൂമാഫിയകളെ നിയന്ത്രിക്കുന്നതിന് കേരള ഭൂ പരിഷ്കരണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ ആധാരത്തിന്റെ ഭാഗമായി ഫാറം-1(ബി) വയ്ക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. വിലയാധാരങ്ങളിൽ വാങ്ങുന്ന ആളുടേയും, വിൽക്കുന്ന ആളുടേയും വിരലടയാളവും ഫോട്ടോയും പതിക്കണമെന്ന വ്യവസ്ഥയും നിലവിലുണ്ട്. വസ്തു വിൽക്കുന്നതിന് കുടുംബാംഗങ്ങൾക്കല്ലാതെ നൽകുന്ന മുക്ത്യാറിന് കൺവേയൻസ് റേറ്റ് (44. F) എന്നീ രണ്ട് ഷെഡ്യൂളുകൾ മുദ്രപത്രനിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (ഫിനാൻസ് ആക്റ്റ് 2007) കൂടാതെ ആധാരങ്ങളോടൊപ്പം ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഫാറം 58 ഹാജരാക്കണമെന്ന നിർദ്ദേശവും പാലിച്ചു വരുന്നുണ്ട്. |
| (സി) ഭൂമി ഇടപാടുകളിൽ മാഫിയകളേയും ഇടനിലക്കാരേയും ഒഴിവാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (സി) മാഫിയകളേയും, ഇടനിലക്കാരേയും, തെറ്റു രീതിയിൽ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള കയ്യേറ്റക്കാരേയും കർശനമായി നേരിടുന്നതിന്, കടുത്ത ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനനുസൃതമായ നിയമ നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ.